# ശ്രീമദ്
# ഭഗവദ്ഗീത



# ശ്രീമദ് ഭഗവദ്ഗീത

വ്യാഖ്യാനം
എം. എസ്. ചന്ദ്രശേഖര വാരിയർ

ഡിസിബുക്സ്

# കുറിപ്പ്

ഭാരതത്തിലുണ്ടായിട്ടുള്ള എല്ലാ ദാർശനിക സത്യങ്ങളുടെയും അന്തസ്സത്തയെ ആവാഹിച്ചിട്ടുള്ള ഒരേയൊരു ഗ്രന്ഥമേയുള്ളൂ: ശ്രീമദ് ഭഗവദ്ഗീത. കാലത്തിന്റെ അപാരതയിൽ നില്ക്കുന്ന ഭഗവദ്ഗീതയെ ഓരോ കാലഘട്ടവും പ്രദക്ഷിണം വെച്ച് തൊഴുതുനില്ക്കുന്നു. കാരണം സാർവലൗകികമായ സത്യങ്ങളുടെ കാതലാണ് ഭഗവദ്ഗീത.

കേവലമായ തത്ത്വജ്ഞാനത്തെ മാത്രമല്ല, ഭാരതത്തിൽ ദർശനമെന്നു വിളിക്കാറുള്ളത്. ഗീതയിലെ വിശ്വരൂപദർശനം ഗൂഢാവബോധത്തിന്റെ ആദിരൂപമാണ്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ; വേദാന്തം എന്നീ ആസ്തിക ദർശനങ്ങളും ചാർവാകം, ജൈനം, സൗത്രാന്തികം, വൈഭാഷികം, മാദ്ധ്യമികം, യോഗാചാരം എന്നീ നാസ്തികദർശനങ്ങളും കൂടിയതാണ് ഭാരതീയരുടെ ദർശനമാതൃക. ആസ്തികമെന്നോ നാസ്തികമെന്നോ ഉള്ള ഭേദചിന്ത ഭഗവദ്ഗീതയ്ക്കില്ല. ഭൗതികമെന്നോ ആദ്ധ്യാത്മികമെന്നോ വേർതിരിവില്ല. ഗീതയിൽ ആത്മാവ് ആത്മാവിനോട് സംസാരിക്കുകയാണ്. അനന്തതയിൽനിന്ന് ഒഴുകിയെത്തുന്ന ഗീതയിലെ ഓരോ മന്ത്രവും മനുഷ്യരാശിയെ വീണ്ടും വീണ്ടും പുതുക്കിപ്പണിയുന്നു.

ഭഗവദ്ഗീതയ്ക്ക് അനേകം വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. എത്രയെത്ര വ്യാഖ്യാനിച്ചാലും വീണ്ടും വ്യാഖ്യാനം ആവശ്യപ്പെട്ടുകൊണ്ട് 'ഗീത' തലയുയർത്തി നില്ക്കും.

1992-ലാണ് 'ഭഗവദ്ഗീത'യുടെ ഡിസിബി പതിപ്പ് ആദ്യമായി പുറത്തുവന്നത്; ശ്രീ എം. എസ്. ചന്ദ്രശേഖരവാരിയർ തയ്യാറാക്കിയ ലഘുവ്യാഖ്യാനസഹിതം. ശ്രീ ചന്ദ്രശേഖരവാരിയർക്കു നന്ദി. ഗീതയുടെ ഏറ്റവും പുതിയ പതിപ്പാണിത്. ആത്മസംതൃപ്തിയോടുകൂടി ഈ പുതിയ പതിപ്പും ഞങ്ങൾ പ്രകാശിപ്പിക്കയാണ്.

# അനുക്രമണിക

ആമുഖം

ഗീതാധ്യാനം

അദ്ധ്യായങ്ങൾ

1. അർജുനവിഷാദയോഗം 19
2. സാംഖ്യയോഗം 42
3. കർമയോഗം 81
4. ജ്ഞാനകർമസംന്യാസ യോഗം 104
5. സംന്യാസയോഗം 126
6. ധ്യാനയോഗം 142
7. ജ്ഞാനവിജ്ഞാനയോഗം 165
8. അക്ഷരബ്രഹ്മയോഗം 180
9. രാജവിദ്യാരാജഗുഹ്യയോഗം 195
10. വിഭൂതിയോഗം 214
11. വിശ്വരൂപദർശനയോഗം 235
12. ഭക്തിയോഗം 266
13. ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം 277
14. ഗുണത്രയവിഭാഗയോഗം 296
15. പുരുഷോത്തമയോഗം 311
16. ദൈവാസുരസമ്പദ്വിഭാഗയോഗം 323
17. ശ്രദ്ധാത്രയ വിഭാഗയോഗം 336
18. മോക്ഷസംന്യാസയോഗം 351

അനുബന്ധം

ഗീതാമാഹാത്മ്യം 393

ശ്ലോകാനുക്രമണിക 399

# ആമുഖം

ശ്രീമദ് ഭഗവദ്ഗീതയുടെ ഒരു ലഘുവ്യാഖ്യാനമാണ് ഈ ഗ്രന്ഥം. വിസ്തൃതങ്ങളായ ഒട്ടേറെ ഗീതാവ്യാഖ്യാനങ്ങൾ മലയാളത്തിന് ലഭിച്ചിട്ടുണ്ട്. അവയെല്ലാം പലതരത്തിൽ പ്രയോജനകരങ്ങളുമാണ്. ഈ ലഘുവ്യാഖ്യാനത്തെക്കുറിച്ച് വ്യാഖ്യാതാവിന് അതിർകടന്ന അവകാശവാദങ്ങളൊന്നുമില്ല. സംസ്കൃതഭാഷ തീരെ അറിഞ്ഞു കൂടാത്തവരും മലയാളത്തിൽതന്നെ സാമാന്യപരിജ്ഞാനം മാത്രമുള്ളവരുമായ അനേകം പേർ ഇപ്പോൾ ഭഗവദ്ഗീത പഠിക്കുന്നതിലും പാരായണം ചെയ്യുന്നതിലും തത്പരരായി കാണുന്നുണ്ട്. അർത്ഥമറിയാതെ ഗീതാശ്ലോകങ്ങൾ ഉരുവിട്ടു പഠിച്ചവരും പഠിക്കുന്നവരുമായ ഗീതാഭക്തരുടെ സംഖ്യയും ചെറുതല്ല. അർത്ഥമറിയാതെ വേദം പഠിച്ചവൻ ചുമടുതാങ്ങിത്തൂണാണെന്ന് നിരുക്തകാരനായ യാസ്കൻ പുറപ്പെടുവിച്ച പുരാതനമായ ആക്ഷേപത്തിന് (''സ്ഥാണുരയം ഭാരഹാരഃ കിലാഭൂദധീത്യവേദം നവിജാനാതിയോർത്ഥഃ'') ഇപ്പോഴും പ്രസക്തിയുണ്ടല്ലോ. അതിനാൽ സാമാന്യമായ ഒരർത്ഥബോധത്തോടെ ഗീതാശ്ലോകങ്ങൾ പാരായണം ചെയ്യാൻ, വിസ്തൃതവ്യാഖ്യാനങ്ങളേക്കാൾ ലഘുവ്യാഖ്യാനത്തോടുകൂടിയ ഒരു ഗ്രന്ഥം സഹായകമാവും എന്ന അഭിപ്രായമാണ് ഈ ഗ്രന്ഥം തയ്യാറാക്കുന്നതിന് പ്രേരകമായത്.

ഭഗവദ്ഗീത മഹാഭാരതത്തിൻെറ ഭാഗമാകുന്നു. മഹാഭാരതത്തിൽ ഭീഷ്മപർവത്തിലെ ഇരുപത്തഞ്ചു മുതൽ നാല്പത്തിരണ്ടുവരെയുള്ള പതിനെട്ടദ്ധ്യായങ്ങൾ ചേർന്നതാണ് ഗീത. ഭാരതയുദ്ധമെന്നുകൂടി വിശേഷിപ്പിക്കപ്പെടുന്ന കുരുക്ഷേത്രയുദ്ധത്തിൽ, യുദ്ധോദ്യുക്തരായി കുരുപാണ്ഡവ സൈന്യങ്ങൾ അണിനിരക്കുകയും യുദ്ധം തുടങ്ങാറാവുകയും ചെയ്ത ഘട്ടത്തിൽ പാർത്ഥസാരഥിയായ ഭഗവാൻ ശ്രീകൃഷ്ണൻ, അർജ്ജുനന് നൽകിയ തത്ത്വോപദേശങ്ങളാണ് ഗീതയിലെ ഉള്ളടക്കം. ആ തത്ത്വഭാഗങ്ങൾ പിന്നീട് സഞ്ജയൻ ധൃതരാഷ്ട്രർക്ക് വിവരിച്ചു കൊടുക്കുന്ന രൂപത്തിലാണ് ഗീതയിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഒരു കൃഷ്ണൻ ഒരു പ്രത്യേക സന്ദർഭത്തിൽ ഏതോ ഒരർജ്ജുനന് നൽകിയ ഉപദേശങ്ങൾ മാത്രമായി ഗീതയെ വീക്ഷിക്കാവുന്നതല്ലെന്നാണ് പൊതുവേ പണ്ഡിതമതം. ഭഗവാൻ ശ്രീകൃഷ്ണൻ ലോകാനുഗ്രഹത്തിനായി അർജ്ജുനനെ നിമിത്തമാക്കിക്കൊണ്ട് ചെയ്ത ഉപദേശങ്ങളാണ് ഗീതയിൽ എന്ന കാഴ്ചപ്പാടാണ് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്നത്. ഭഗവാനാൽ ഗാനം ചെയ്യപ്പെട്ടതാക

യാൽ ഇത് ഭഗവദ്ഗീതയായി.

കൃഷ്ണ ശബ്ദത്തിൽ പരബ്രഹ്മമെന്ന അർത്ഥം അന്തർഹിതമാണെന്നു കരുതപ്പെടുന്നു.

കൃഷിർഭൂവാചകഃ ശബ്ദോ
ണ ശ്ച നിർവൃതിവാചകഃ
തയോരൈക്യം പരംബ്രഹ്മ
കൃഷ്ണ ഇത്യഭിധീയതേ

എന്നു സ്മൃതിവാക്യവുമുണ്ട്. (സത്ത ആനന്ദം എന്നീ രണ്ടിന്റെയും ഏകത്വമാകുന്ന പരബ്രഹ്മംതന്നെയാണ് കൃഷ്ണനെന്ന നാമം കൊണ്ടു പറയപ്പെടുന്നത്.)

'ശ്രീകൃഷ്ണഃപരമാത്മാ'വെന്ന സർവസാധാരണമായ പ്രയോഗവും സ്മരണീയമാണ്.

ബ്രഹ്മവിദ്യയെ പ്രതിപാദിക്കുന്ന ഒരു ശാസ്ത്രമാണ് ഭഗവദ്ഗീത.

ഗീതാ മേ പരമാ വിദ്യാ
ബ്രഹ്മരൂപാ ന സംശയഃ എന്നും

ചിദാനന്ദേന കൃഷ്ണേന
പ്രോക്താ സ്വമുഖതോƒർജ്ജുനം
വേദത്രയീ പരാനന്ദാ
തത്ത്വാർത്ഥജ്ഞാന സംയുതാ എന്നും

വരാഹപുരാണാന്തർഗതമായ ഗീതാമാഹാത്മ്യം ഘോഷിക്കുന്നു.

സർവോപനിഷദോ ഗാവോ
ദോഗ്ദ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സഃ സുധീർഭോക്താ
ദുഗ്ദ്ധം ഗീതാമൃതം മഹത്

ഉപനിഷത്തുകളാകുന്ന പശുക്കളിൽനിന്ന് കറവക്കാരനായ ഗോപാലനന്ദനൻ കറന്നെടുത്ത പാലാണ് ഗീതാമൃതമെന്നു വിവരിക്കുന്ന ഈ ഗീതാധ്യാന ശ്ലോകം, ഉപനിഷത്സാരസർവസ്വമാണ് ഭഗവദ്ഗീതയെന്ന് ഭംഗ്യന്തരേണ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. തുഞ്ചത്ത് എഴുത്തച്ഛൻ ഗീതയെ ഉപനിഷത്തെന്നുതന്നെ വിളിച്ചു.

'മധുമഥനനമരവരസുതനോടുപദേശമായ്
മായാ പ്രഭാവമതു നീങ്ങും പ്രകാരമുടൻ
ഉഴറിയരുളിന മൊഴികളുപനിഷത്താകയാൽ
ഓതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ'

എന്ന് അദ്ദേഹം പാടിയിരിക്കുന്നു. സാങ്കേതികമായി ഗീതയെ സ്മൃതിയെന്നു വിശേഷിപ്പിക്കാറുണ്ടെങ്കിലും പ്രാമാണ്യംകൊണ്ട് അത് ശ്രുതിതുല്യമെന്നു തന്നെ പറയണം. ശ്രീ നടരാജഗുരുവിനെപ്പോലുള്ള ആധുനികാചാര്യന്മാർ കൂടി ഈ പക്ഷക്കാരാണ്.

ഭഗവദ്ഗീത മതഗ്രന്ഥമാണെന്നു കരുതുന്നവരുണ്ട്, തത്ത്വശാസ്ത്രമെന്ന് ഉദ്ഘോഷിക്കുന്നവരുണ്ട്; ധർമ്മശാസ്ത്രമെന്ന് ഉറപ്പിച്ചു പറയുന്നവരും ഉണ്ട്. ഗീത ഇതെല്ലാം ആണ് എന്നു പറയുന്നതാവും ശരി. ശങ്കരാചാര്യർ അദ്വൈതവും രാമാനുജാചാര്യർ വിശിഷ്ടാദ്വൈതവും മധ്വാചാര്യർ ദ്വൈതവും ഗീതയിൽ കണ്ടെത്തുകയുണ്ടായി. ബാലഗംഗാധരതിലകൻ കർമ്മയോഗശാസ്ത്രമെന്ന നിലയ്ക്കാണ് ഭഗവദ്ഗീതയെ വീക്ഷിച്ചത്. നിംബാർക്കർ ജ്ഞാനേശ്വർ മുതലായവർ ഗീതയിൽ ഭക്തിയോഗത്തിനാണ് പ്രാധാന്യം എന്നു വിശ്വസിച്ചവരാണ്. ജ്ഞാനം, ഭക്തി, യോഗം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളെ സമന്വയിക്കാൻ ഇദംപ്രഥമമായി ഉദ്യമിച്ചത് ഗീതാകാരനാണെന്നും വിഭിന്നധർമ്മമാർഗ്ഗങ്ങളുടെ സമന്വയം, നിഷ്കാമകർമ്മം ഇവയാണ് ഗീതയുടെ രണ്ടു വിശേഷലക്ഷണങ്ങളെന്നും സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി അനാസക്തമായ കർമ്മത്തിന് പ്രാമുഖ്യം നൽകിയെങ്കിലും 'ജ്ഞാനവും ഭക്തിയും കർമ്മവും ഈശ്വരപ്രാപ്തിക്കുള്ള മൂന്നു വ്യത്യസ്ത മാർഗ്ഗങ്ങളല്ലാ, പ്രത്യുത ഇവ മൂന്നുംകൂടി ഒരു മാർഗ്ഗമാണ്' എന്ന് എടുത്തു പറഞ്ഞിരിക്കുന്നു. ഭക്തി-ജ്ഞാന-കർമ്മയോഗങ്ങളെ സമഞ്ജസമായി സമ്മേളിപ്പിക്കുന്ന ഒരു സമന്വയശാസ്ത്രമായി ഗീതയെ ദർശിച്ചവരിൽ അരവിന്ദമഹർഷിയും ഉൾപ്പെടുന്നു. ആചാര്യ വിനോബാ ഭാവേയും ഇതേ ആശയംതന്നെ പ്രകടിപ്പിച്ചിട്ടുണ്ട്.

ആദ്ധ്യാത്മിക ലക്ഷ്യപ്രാപ്തിക്കും സർവതോമുഖമായ മനുഷ്യ വികാസത്തിനും സഹായിക്കുന്ന പൂർണശാസ്ത്രമെന്നനിലയിൽ ഭാരതീയ തത്ത്വചിന്ത വികസിപ്പിച്ചെടുത്ത അതുല്യമായ ഒരു ദർശനമുണ്ട്; അതാണ് 'യോഗം'. യോഗമെന്ന വാക്കിന് അനേകം അർത്ഥങ്ങളുണ്ട്. ബ്രഹ്മവിദ്യാന്തർഗതമായ 'യോഗശാസ്ത്ര'മാണ് ഭഗവദ്ഗീത. ഗീതയിലെ ഓരോ അദ്ധ്യായവും 'യോഗ'മെന്ന വിശേഷണത്തോടുകൂടിയ സംജ്ഞയാലാണ് അറിയപ്പെടുന്നത്. അർജ്ജുനവിഷാദയോഗത്തിലാരംഭിച്ച് മോക്ഷസംന്യാസയോഗത്തിൽ അവസാനിക്കുന്ന പതിനെട്ടദ്ധ്യായ ങ്ങളിലൂടെ ഗീത അവതരിപ്പിക്കുന്നത് ഒരു സമഗ്രയോഗദർശനമാണ്. മുമ്പു സൂചിപ്പിച്ചതുപോലെ, ഭക്തി-ജ്ഞാന-കർമ്മയോഗങ്ങളെ അതിൽ സമ്യക്കായി സമന്വയിച്ചിരിക്കുന്നു. ലോകാരംഭം മുതൽതന്നെ രണ്ട് അനുഷ്ഠാന പദ്ധതികൾ — ജ്ഞാനമാർഗ്ഗവും കർമാർഗ്ഗവും— മനുഷ്യൻ പിന്തുടർന്നുപോന്നതായി ഗീത പ്രസ്താവിക്കുന്നു.

ലോകേസ്മിൻ ദ്വിവിധാനിഷ്ഠാ
പുരാ പ്രോക്താ മയാƒനഘ!

ജ്ഞാനയോഗേന സാംഖ്യാനാം

കർമ്മയോഗേന യോഗിനാം.

ജ്ഞാനയോഗവും കർമ്മയോഗവും രണ്ടുവിധമായ നിഷ്ഠയാണെങ്കിലും അവ പരസ്പരബന്ധമില്ലാതെ വേറിട്ടു നിൽക്കുന്നവയല്ല.

സാംഖ്യയോഗൗ പൃഥക്ബാലാഃ

പ്രവദന്തി ന പണ്ഡിതാഃ

സാംഖ്യവും യോഗവും —ജ്ഞാനമാർഗ്ഗവും കർമ്മമാർഗ്ഗവും — വേറെവേറെയാണെന്ന് വിവരം കുറഞ്ഞവരാണു പറയുക; പണ്ഡിതന്മാർ അങ്ങനെ പറയില്ലത്രേ. അവ പരസ്പരപൂരകങ്ങളോ പോഷകങ്ങളോ ആണെന്നു സാരം.

ഗീത പറയുന്നു :

നഹി കശ്ചിത് ക്ഷണമപി

ജാതു തിഷ്ഠത്യകർമ്മകൃത്.

ആരും ഒരിക്കലും ക്ഷണനേരം പോലും കർമ്മം ചെയ്യാതെ ഇരിക്കുന്നില്ല. ശരീരം നിഷ്ക്രിയമായിരുന്നാലും മനസ്സ് പ്രവർത്തിക്കും. അതും കർമ്മം തന്നെ. അപ്പോൾ ശരീരം ഉള്ള കാലത്തോളം മനുഷ്യൻ കർമ്മം ചെയ്യേപറ്റൂ. ബോധപൂർവമായും അബോധപൂർവമായും മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങൾ തന്നെയാണ് അവനെ നന്മയിലേക്കോ തിന്മയിലേക്കോ, അഥവാ ഉയർച്ചയിലേക്കോ താഴ്ചയിലേക്കോ നയിക്കുന്നത്. ആത്മീയതലത്തിനും ഭൗതികതലത്തിനും ഇത് ഒരുപോലെ ബാധകമാണ്.

ഏതേതു കർമ്മങ്ങളാണോ തിന്മയിലേക്കും താഴ്ചയിലേക്കും ദുഃഖത്തിലേക്കും കുതിക്കാൻ മനുഷ്യനു പ്രേരകമായി ഭവിക്കുന്നത്, അതേ കർമ്മങ്ങൾതന്നെ മറ്റൊരു വിധത്തിൽ അനുഷ്ഠിച്ചാൽ നന്മയിലേക്കും ഉയർച്ചയിലേക്കും സുഖത്തിലേക്കും നീങ്ങാൻ അവനെ സഹായിക്കുമെന്ന് കാട്ടിത്തരികയാണു ഗീതചെയ്യുന്നത്. അതാണു ഗീത നൽകുന്ന യോഗദർശനത്തിൻെറ ഒരു പ്രത്യേകത.

കർമ്മം എങ്ങനെയാണു ചെയ്യേണ്ടതെന്ന് കാണിക്കാൻ ഗീത പല വിശദീകരണങ്ങളും നൽകുന്നുണ്ട്. 'യോഗസ്ഥഃ കുരു കർമ്മാണി'. യോഗസ്ഥനായിട്ടു കർമ്മങ്ങളെ ചെയ്യുക. യോഗസ്ഥനാവുക എന്നു പറഞ്ഞാൽ, സുഖദുഃഖങ്ങൾ ജയാപജയങ്ങൾ ഇത്യാദി ദ്വന്ദ്വങ്ങളിൽ ഇളകാതെ സമഭാവനയോടെ മനസ്സിനെ നിർത്തുക എന്നാണർത്ഥം. 'സമത്വം യോഗ ഉച്യതേ' എന്നൊരു നിർവചനവും നൽകുന്നു. 'യോഗഃ കർമ്മസുകൗശലം' എന്നു മറ്റൊരു നിർവചനവും യോഗത്തിനു ഗീത നല്കിയിട്ടുണ്ട്. ഇവ പരസ്പര വിരുദ്ധങ്ങളല്ല. ഈ കർമ്മകൗശലത്തിന് ബാഹ്യവും ആന്തരികവുമായ രണ്ടു തലങ്ങളുണ്ട് — മനുഷ്യസേവനത്തിൻേറതായ

ബാഹ്യതലം, ആത്മാന്വേഷണത്തിന്റേതായ ആന്തരികതലം. രണ്ടിനെയും കൂട്ടിയിണക്കാൻ സമചിത്തതയോടെ അനാസക്തനായി അനുഷ്ഠിക്കപ്പെടുന്ന കർമ്മങ്ങൾ സഹായിക്കും. യഥാർത്ഥത്തിൽ ഇത്തരത്തിൽ ചെയ്യുന്ന കർമ്മങ്ങൾ, യജ്ഞങ്ങൾ തന്നെയാണ്. പരോപകാരാർത്ഥമായി അർപ്പണ മനോഭാവത്തോടെ സ്വാർത്ഥതാത്പര്യം വെടിഞ്ഞ് അനുഷ്ഠിക്കുന്ന ഏതു കർമ്മവും യജ്ഞമാകുന്നു. കർമ്മം യജ്ഞം എന്നീ വാക്കുകളെ കേവലം സങ്കുചിതാർത്ഥങ്ങളിലല്ല ഗീത സ്വീകരിച്ചിരിക്കുന്നത്. ഇപ്പറഞ്ഞ വിധം യജ്ഞരൂപത്തിലല്ലാതെ ചെയ്യുന്ന കർമ്മങ്ങളാണ് ബന്ധനകാരണങ്ങളാകുന്നത്. കർമ്മങ്ങൾ കൊണ്ടുതന്നെ, കർമ്മബന്ധനങ്ങളെ തകർക്കാനും സമൂഹത്തിനു പ്രേയസ്സും തനിക്കു ശ്രേയസ്സും കൈവരുത്താനും ഏതൊരാളെയും സഹായിക്കുന്ന ഒരു പ്രായോഗിക പദ്ധതിയാണ്, ഗീതയുടെ യോഗദർശനം ഉൾക്കൊള്ളുന്നത്.

ഇന്നു സമൂഹങ്ങളിലും രാഷ്ട്രങ്ങളിലും രാഷ്ട്രാന്തരീയ രംഗങ്ങളിലും ആപത്കരങ്ങളായ പ്രവണതകളും സംഘർഷങ്ങളും സംഘട്ടനങ്ങളും പെരുകിവരുന്നതിന്റെ മൂലകാരണം തേടിത്തേടിപ്പോയാൽ നാം എത്തിച്ചേരുന്നത് 'സ്വാർത്ഥതത്പരത' എന്ന ഒരു വാക്കിന്റെ മുന്നിലായിരിക്കും. വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളും എല്ലാം ഇതിനു വിധേയമാണ്. കുരുക്ഷേത്രത്തിൽ കർത്തവ്യമൂഢനായി ബുദ്ധിപരമായും മാനസികമായും തളർന്നിരുന്നുപോയ അർജ്ജുനന്റെ അതേ അവസ്ഥയിലാണ്, ആധുനിക മനുഷ്യനും ആധുനിക സമൂഹവും എത്തിച്ചേർന്നിരിക്കുന്നത്. അതിനാൽതന്നെ, ഗീത നൽകുന്ന സമഗ്രയോഗദർശനം, അന്നെന്നപോലെ ഇന്നും, പ്രസക്തമായിരിക്കുന്നു. ഭക്തഹൃദയങ്ങൾക്കാകട്ടേ, ശ്രീമദ് ഭഗവദ്ഗീത ഒരു പാഥേയവുമാണ്.

'കൃഷ്ണാംബുവാഹം കൃപയാൽ പൊഴിച്ച  
ഗീതാമൃതം കൈവശമുള്ള നമ്മൾ  
പരത്ര പാഴിൽ പരലോകയാത്രാ-  
പാഥേയമെന്തിന്നു തിരഞ്ഞിടുന്നു?'

**എം.എസ്. ചന്ദ്രശേഖരവാരിയർ**

# അതിവിശിഷ്ടമായ മാല്യം

"അതിവിശിഷ്ട സുമങ്ങളെക്കൊണ്ടുമാത്രം നിർമ്മിതമായ ഒരു മാലയോ പൂച്ചെണ്ടോപോലെയാണു ഗീത. ഉപനിഷത്തുകൾ ശ്രദ്ധയെപ്പറ്റി പലേടത്തും സവിസ്തരം പ്രതിപാദിക്കുന്നുണ്ടെങ്കിലും, ഭക്തിയെ പ്രസ്താവിക്കുന്നില്ലെന്നുതന്നെ പറയാം. നേരേമറിച്ച് ഗീതയിൽ ഭക്തിവിഷയം വീണ്ടും വീണ്ടും പരാമർശിക്കപ്പെടുന്നു വെന്നു മാത്രമല്ല, അവിടെ ഭക്തിയുടെ നിസർഗ്ഗജഭാവം അതിന്റെ പരമോച്ചാവസ്ഥയെ പ്രാപിച്ചിട്ടുണ്ട്......ഗീതയുടെ ആവിർഭാവത്തിനു മുമ്പ് ജ്ഞാനം ഭക്തി യോഗം തുടങ്ങിയ ഓരോ മാർഗ്ഗത്തിനും അനുയായികൾ ഉണ്ടായിരുന്നുവെങ്കിലും അവർ തമ്മിൽ കലഹിച്ചു കൊണ്ടിരുന്നു. ഇദംപ്രഥമമായി ഇവയെ സമന്വയിക്കാനുദ്യമിച്ചത് ഗീതാകാരനാണ്.... അടുത്തത് നിഷ്കാമകർമ്മം അഥവാ ഫലേച്ഛയോ ആസക്തിയോ കൂടാതുള്ള കർമ്മാനുഷ്ഠാനം.... ശരിയായ നിഷ്കാമകർമ്മി താമസ പ്രകൃതിയല്ല, ശുദ്ധ സാത്ത്വിക പ്രകൃതിയാണ്. സ്നേഹപ്രകർഷത്താൽ സമസ്ത ലോകത്തെയും ആശ്ലേഷിക്കത്തക്കവണ്ണം അയാളുടെ ഹൃദയം സ്നേഹാനുകമ്പാ നിർഭരമാകുന്നു."

-സ്വാമി വിവേകാനന്ദൻ